**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5121** **02-11-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ മണ്ഡലത്തിലെ അഗ്രോ സർവ്വീസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ മണ്ഡലത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നിലവിൽ രണ്ട് അഗ്രോ സർവ്വീസ് സെന്ററുകളാണ് പ്രവർത്തിക്കുന്നത്. 1. കൽപ്പറ്റ അഗ്രോ സർവ്വീസ് സെന്റർ. 2. പനമരം അഗ്രോ സർവ്വീസ് സെന്റർ. |
| (ബി) | പ്രസ്തുത സെന്ററുകൾ മുഖേന കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | കാർഷിക യന്ത്രം വാടകയ്ക്ക് കൊടുക്കൽ (ട്രാക്ടർ, പവർ ടില്ലർ, നടീൽ യന്ത്രം, മെതി യന്ത്രം, കാട്ടുവെട്ടി യന്ത്രം, മരുന്ന് തളിക്കുന്ന സ്പ്രേയറുകൾ), പച്ചക്കറിതൈകൾ, ഫലവൃക്ഷതൈകൾ, നല്ലയിനം നടീൽ വസ്തുക്കൾ (കവുങ്ങ്, കുരുമുളക്, കുറ്റ്യാടി തെങ്ങ്, കാപ്പി) എന്നിവയുടെ ഉത്പാദനവും വിതരണവും, ചകിരിച്ചോർ കമ്പോസ്റ്റ് ഉത്പാദനം, ആവശ്യാനുസരണം പച്ചക്കറി തോട്ടം ഉണ്ടാക്കിക്കൊടുക്കുക, തരിശുഭൂമി കൃഷിയിടങ്ങൾക്കായി ഒരുക്കുക, മഴമറകൾ, പോളി ഹൗസുകൾ എന്നിവയുടെ നിർമ്മാണം, കീടനാശിനി/ കുമിൾ നാശിനി സ്പ്രേയിംഗ്, ഗ്രോ ബാഗ് വിതരണം മുതലായ സേവനങ്ങൾ ഈ കാർഷിക സേവന കേന്ദ്രങ്ങൾ വഴി കർഷകർക്ക് ലഭ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ